## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 529** **02.07.2014 ൽ മറുപടിയ്ക്ക്**

### പറമ്പിക്കുളം-ആളിയാർ കരാർ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. എ. കെ ബാലൻ<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പറമ്പിക്കുളം-ആളിയാർ കരാർ എന്നാണ് നിലവിൽ വന്നതെന്നും കരാറിന്റെ കാലാവധി എന്നവസാനിച്ചുവെന്നും അറിയ്ക്കുമോ; | (എ) | 29.05.1970-ൽ കേരളവും തമിഴ്നാടും ഒപ്പുവച്ച പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.) കരാറിന് 09.11.1958 മുതൽ മുൻകാലപ്രാബല്യമുണ്ട്. പറമ്പിക്കുളം - ആളിയാർ പദ്ധതി കരാറിന്റെ കാലാവധിയെ സംബന്ധിച്ച് കരാറിൽ പ്രത്യേകം പരാമർശിച്ചിട്ടില്ല. |
| (ബി) നിലവിലുള്ള കരാർ പ്രകാരം കേരളവും തമിഴ്നാടും തമ്മിൽ ജലം പങ്കുവയ്ക്കുന്നത് എപ്രകാരമാണ്; കരാർ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; പ്രസ്തുത കരാർ പ്രകാരമുള്ള ജലം കേരളത്തിന് എപ്പോഴെങ്കിലും ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ജല വിഭജനത്തെ സംബന്ധിച്ച പറമ്പിക്കുളം - ആളിയാർ പദ്ധതി കരാറിലെ വ്യവസ്ഥകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (പി.എ.പി. കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട ജലത്തിന്റെ അളവ് നിജപ്പെടുത്തിയിട്ടുണ്ട്.)<br><br>i) പെരിയാർ നദീതടത്തിലെ ആനമലയാറിൽ നിന്നും ഓരോ വർഷവും 2.5 ടി.എം.സി. ജലം പറമ്പിക്കുളം ആളിയാർ പദ്ധതിയിലേയ്ക്ക് തമിഴ്നാടിന് തിരിച്ചുവിടേണ്ടതാണ്. ഇപ്രകാരമുള്ള ജലം തിരിച്ചുവിടൽ ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. |

ഇടമലയാർ പദ്ധതി പൂർത്തിയായതിനു ശേഷമേ ഇതിനനുവാദമുള്ളൂ. ഇതിനായി ഒരു അനുബന്ധ കരാർ ഉണ്ടാക്കേണ്ടതാണ്.

ii) പെരിയാർ നദീതടത്തിലെ നീരാർ വിയറിൽ നിന്നുള്ള ജലം ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ കേരളത്തിലേയ്ക്ക് തിരിച്ചുവിടേണ്ടതാണ്. കേരള സർക്കാർ പെരിയാർ നദീതടത്തിൽ വിഭാവനം ചെയ്തിട്ടുള്ള ജലസംഭരണികൾ പ്രവർത്തിച്ച് തുടങ്ങിയ, ശേഷം നീരാർ വിയറിൽ നിന്നുള്ള ജലം മുഴുവൻ തമിഴ്നാടിന് തിരിച്ചുവിടാവുന്നതാണ്.

iii) ചാലക്കുടി നദീതടത്തിൽ നിന്നും ഓരോ വർഷവും 12.3 ടി.എം.സി. ജലം കേരളത്തിന് അവകാശപ്പെട്ടതാണ്. ഇത് കേരള ഷോളയാർ പൗവർ ഹൗസിൽ അളന്നു പുറത്തുവിടേണ്ടതാണ്. ബാക്കി വരുന്ന അധിക ജലവും, നീരാർ, ആനമലയാർ എന്നീ നദികളിൽ നിന്ന് തിരിച്ചുവിടുന്ന ജലവും (മേൽപറഞ്ഞിരിക്കുന്ന അളവുകൾ) തമിഴ്നാടിന് അവകാശപ്പെട്ടതാണ്.

iv) ലോവർ നീരാർ ഡാമിന്റെയും, പറമ്പിക്കുളം, പെരുവാരിപ്പള്ളം , തുണക്കടവ് എന്നീ ഡാമുകളുടെയും വൃഷ്ടിപ്രദേശത്തുള്ള ജലം ഒരുമിച്ച് കണക്കാക്കി 16.5 ടി.എം.സി. ജലം തമിഴ്നാടിനും അതിൽ അധികമായി വരുന്ന 2.5 ടി.എം.സി. ജലം കേരളത്തിലെ ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും , ശേഷിക്കുന്ന ജലം ചാലക്കുടി പുഴയിലേയ്ക്കും വിടേണ്ടതാണ്.

v) കേരളത്തിലെ ചിറ്റൂർപുഴയ്ക്ക് പ്രതിവർഷം 7.25 ടി.എം.സി. ജലം കേരളാതിർത്തിക്കടുത്തുള്ള മണക്കടവു വിയറിൽ ലഭ്യമാക്കേണ്ടതാണ്.

കൂടാതെ കരാർ പ്രകാരം ഒരു ജലവർഷത്തിൽ കേരള ഷോളയാറിലെ ജലവിതാനം നിശ്ചിത തീയതികളിൽ

സെപ്റ്റംബർ 1 നും, ഫെബ്രുവരി 1 നും പൂർണ്ണ ജലനിരപ്പായ (ഫുൾ റിസർവോയർ ലെവൽ) (എഫ്.ആർ.എൽ) 2663 അടിയിൽ നിർത്തേണ്ടതാണ്.

പി.എ.പി. കരാറിലെ വ്യവസ്ഥയും അതനുസരിച്ച് ജലം ലഭിച്ചതും സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

i) കരാറനുസരിച്ച് സെപ്റ്റംബർ 1 നും, ഫെബ്രുവരി 1 നും കേരള ഷോളയാർ പൂർണ്ണമായും നിറച്ച വർഷങ്ങൾ.

ജലവർഷങ്ങൾ:- 2005-06, 2009-10, 2010-11, 2011-12, 2013-14.

ii) വ്യവസ്ഥ പ്രകാരം കേരള ഷോളയാർ പൗവർ ഹൗസിൽ 12.3 ടി.എം.സി. ജലം കേരളത്തിന് ലഭ്യമാക്കിയ ജലവർഷങ്ങൾ 1970-71, 71-72, 74-75, 77-78, 78-79, 83-84, 84-85, 92-93, 94-95, 96-97, 97-98, 98-99, 99-2000, 2004-05, 2005-06, 2006-07, 2007-08, 2008-09, 2009-10, 2010-11, 2011-12, 2013-14.

iii) പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളുടെയും ലോവർ നീരാർ ഡാമിന്റെയും തനതു നീരൊഴുക്ക് 16.35 ടി.എം.സി. കവിയുകയാണെങ്കിൽ അധിക ജലം 2.50 ടി.എം.സി. ജലം വരെ മണക്കടവിൽ ലഭ്യമാക്കണമെന്ന വ്യവസ്ഥ അനുസരിച്ച് 1992-93, 1994-95, 2005-06, 2007-08 ജലവർഷങ്ങളിൽ പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളുടെയും ലോവർ നീരാർ ഡാമിന്റെയും തനതു നീരൊഴുക്ക് 16.35 ടി.എം.സി. കവിയുകയും അധിക ജലം മണക്കടവിൽ പിന്നീടുള്ള ജലവർഷങ്ങളിലായി കേരളത്തിന് ലഭിച്ചുവരുകയും ചെയ്യാറുണ്ട്. എന്നിരുന്നാലും തുടർന്നുള്ള വർഷങ്ങളിൽ ഈ അധിക ജലം മണക്കടവിൽ ലഭ്യമാക്കൽ ഒരു തർക്ക വിഷയമായി തുടരുന്നു. ഈ വിഷയം കരാർ പുനരവലോകന ചർച്ചകളിൽ ഉന്നയിച്ചുവരുന്നു.

iv) കരാർ പ്രകാരം മണക്കടവ് വിയറിൽ ജലം ലഭ്യമാക്കിയ വർഷങ്ങൾ:-

1970-71, 1971-72, 1975-76,1976-77, 1977-78,1979-80, 1980-81, 1981-82, 1983-84, 1984-85, 1986-87, 1987-88, 1989-90, 1990-91, 1992-93, 1993-94, 1994-95, 1995-96, 1996-97, 1997-98, 1998-99, 1999-2000, 2000-01, 2006-07, 2008-09, 2009-10, 2010-11, 2011-12, 2013-14.

v) കരാർ വ്യവസ്ഥ അനുസരിച്ച് ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള കാലയളവിലെ അപ്പർ നീരാർ വിയറിലെ തനതു നീരൊഴുക്ക് കേരളത്തിനു ലഭിക്കുന്നുണ്ട്.

(സി) പുതിയ കരാർ ഉണ്ടാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ചർച്ചകൾ എന്നാണ് ആരംഭിച്ചത്; ഈ സർക്കാർ വന്നതിനുശേഷം എത്ര ചർച്ചകൾ നടത്തിയിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) പറമ്പിക്കുളം ആളിയാർ പദ്ധതിക്കരാറിന് കാലാവധി നിശ്ചയിച്ചിട്ടില്ല. പി. എ. പി. കരാർ പുതുക്കുവാനുള്ള വ്യവസ്ഥ കരാറിൽ ഇല്ല. 30 കൊല്ലത്തിലൊരിക്കൽ കരാർ പുനരവലോകനം ചെയ്യുവാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. പി. എ. പി. കരാർ ഉൾപ്പെടെയുള്ള വിഷയങ്ങൾ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം ഒരു തവണ കേരളത്തിൽ വച്ച് ചർച്ച ചെയ്യുകയുണ്ടായി.

(ഡി) കരാർ ലംഘനം നടത്തിയിട്ടുണ്ടോ; അതിൻെറ വിശദാംശം അറിയിക്കുമോ; കരാർ ലംഘനത്തിൻെറ പശ്ചാത്തലത്തിൽ കരാർ റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

(ഡി) ഉണ്ട്. തമിഴ്നാട് നടത്തിയ പ്രധാനപ്പെട്ട പി.എ.പി. കരാർ ലംഘനങ്ങൾ താഴെ പറയുന്നവയാണ്.

1. കേരള ഷോളയാറിലെ ജലവിതാനം നിശ്ചിത തീയതികളിൽ സെപ്റ്റംബർ 1 നും, ഫെബ്രുവരി 1 നും നിശ്ചിത ലെവലുകളിൽ (ഫുൾ റിസർവോയർ ലെവൽ) (എഫ്.ആർ.എൽ) ആയ 2663 അടിയിൽ നിർത്താതിരിക്കുക.

2. മണക്കടവു വിയറിൽ നിന്ന് ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തേയ്ക്ക് ലഭിക്കേണ്ട ജലം ചില വർഷങ്ങളിൽ ലഭിക്കാത്തത്.

3. ആളിയാർ, തിരുമൂർത്തി ഡാമുകളുടെ താഴെ മിനി ഹൈഡൽ പ്രോജക്ടുകളുടെ നിർമ്മാണം.

4. പറമ്പിക്കുളത്തെ കെട്ടിടങ്ങൾ പൂർണ്ണമായും കേരളത്തിനു വിട്ടുതരാതിരിക്കുന്നത്.

5. കോണ്ടൂർ കനാലിൻെറ റീലൈനിംങ്ങ്.

6. തമിഴ്നാട് ഷോളയാർ റിസർവോയറിൽ ഒരു സാഡിൽ സ്പിൽവ്വെ അധികമായി നിർമ്മിച്ചത്.

7. ആളിയാർ ഫീഡർ കനാലിൻെറ ശോചനീയമായവസ്ഥ മൂലം ഉണ്ടാകുന്ന കഠിനമായ ജല ചോർച്ചയും, നഷ്ടവും ആളിയാറിലേക്ക് ഒഴുകുന്ന ജലത്തിൻെറ കുറവും.

8. കാടമ്പാറ ഡാമിൻെറ നിർമ്മാണം എന്നിവയാണ്.

കരാർ ഏകപക്ഷീയമായി റദ്ദാക്കാൻ കരാറിൽ പ്രത്യേക വ്യവസ്ഥയില്ല. കരാർ റദ്ദുചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടികളെക്കുറിച്ച് നിയമവിദഗ്ദ്ധരുടെ അഭിപ്രായം സ്വരൂപിച്ച് വിശദമായ ഉഭയകക്ഷി ചർച്ചകൾക്കുശേഷമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ